LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടം പണിയുടെ ആരംഭഘട്ടത്തിലാണ് 17-8-2015-ലെ സ.ഉ. (സാധാ) നമ്പർ 2644/2015/ആ.കു.വ. പ്രകാരം 650 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റിയതിനുശേഷം മാത്രമേ പുതിയ കെട്ടിടം പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. അതിനുവേണ്ടിയുള്ള പ്രൊപ്പോസൽ പി.ഡബ്ല്യു.ഡി.-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ സമരം

100(789) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാർ 2015 സെപ്റ്റംബർ മാസത്തിൽ നടത്തിയ സമരത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; അവയിൽ ഏതൊക്കെ ആവശ്യങ്ങളാണ് സർക്കാർ അംഗീകരിച്ചത്;

(ബി) വൈദ്യചികിൽസാരംഗം പണിമുടക്കുകളിൽനിന്നും വിമുക്തമാക്കി, മുടക്കമില്ലാതെ വൈദ്യശുശ്രൂഷ ജനങ്ങൾക്ക് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി എന്നിവയിൽ ചിലത് മെഡിക്കൽ കോളേജുകൾ ആക്കുന്നതിനെതിരേയും, സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കുക, ഒഴിവുകൾ നികത്തുക, പ്രൊമോഷനുകൾ ത്വരിതപ്പെടുത്തുക, പ്രൈവറ്റ് പ്രാക്ടീസ് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുക, പി.ജി. ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കുക, മഞ്ചേരി ജനറൽ ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി എന്നിവ ആരോഗ്യ വകുപ്പ്

ഡയറക്ടറുടെ കീഴിൽ നിലനിർത്തുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടായിരുന്നു ഡോക്ടർമാരുടെ സമരം. ഒത്തുതീർപ്പ് വ്യവസ്ഥകൾ അടങ്ങുന്ന മിനിട്സ്-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇവ പരിശോധിച്ചു വരികയാണ്. ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികൾ

101 (790) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതും മരണപ്പെട്ടതുമായ ക്യാൻസർ രോഗികളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ക്യാൻസർ പ്രതിരോധത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ആർ.സി.സി.-യിൽ രജിസ്റ്റർ ചെയ്തതും മരണപ്പെട്ടതുമായ ക്യാൻസർ രോഗികളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് താഴെ കൊടുക്കുന്നു. ആർ.സി.സി.-യിൽ 2011-15 കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക്:

ജില്ല	2011-12	2012-13	2013-14	2014-15
(1)	(2)	(3)	(4)	(5)
തിരുവനന്തപുരം	3133	3276	3394	3614
കൊല്ലം	2396	2496	2552	2802
പത്തനംതിട്ട	785	781	773	932

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly